കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 5 | ജൂൺ 15 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ

3 'ഓണത്തിനൊരു മുറം പച്ചക്കറി' മന്ത്രിമാർ ചേർന്ന് സെക്രട്ടറിയേറ്റ് വളപ്പിൽ പച്ചക്കറി കൃഷിക്ക് തുടക്കം കുറിച്ചു

4 ഹോർട്ടികോർപ്പിന്റെ പുതിയ ആയിരം ഔട്ട്‌ലെറ്റുകൾ പ്രവർത്തനമാരംഭിക്കും

7 പാരിസ്ഥിതിക മൂല്യങ്ങൾ വീണ്ടെടുക്കുന്നതിനുള്ള അവസരമാണ് പരിസ്ഥിതിദിനാഘോഷം: മെഗാസ്റ്റാർ ശ്രീ. മമ്മൂട്ടി

# കൃഷിമന്ത്രിയെ കാണാൻ കാടിന്റെ 'മക്കളുവളർത്തി'യുമായി അവർ എത്തി

## മന്ത്രിയുടെ ഗൃഹപ്രവേശനത്തിന് കാടിന്റ മക്കൾ അതിഥികൾ

മക്കളുവളർത്തി എന്നത് കാടിന്റെ മക്കൾ കൃഷി ചെയ്യുന്ന ഒരു ഇനം കൈതച്ചക്കയുടെ പേരാണ്. 'കുന്താണി' എന്നാണ് ഈ കൈതച്ചക്ക പ്രധാനമായും അറിയപ്പെടുന്നത്. ഒരു ചുവട്ടിൽ നിന്നുതന്നെ വലിയ ഒരു ചക്കയും അതിനെചുറ്റി നാലും അഞ്ചും ചെറുചക്കകളും. ഒരു ചക്കയെചുറ്റി അതിന്റെ മക്കൾ എന്ന വിധത്തിൽ ചുറ്റും ചെറുചക്കകൾ കൂടി പിടിക്കുന്നതുകൊണ്ടാണ് അവരിതിന് 'മക്കളുവളർത്തി' എന്ന ഓമനപ്പേര് നൽകിയിരിക്കുന്നത്. വിതുര ഗോത്ര വർഗ്ഗ കോളനിയായ മണിളുക്കിയിലെ കർഷകരാണ് പ്രധാനകർഷക 'പരപ്പി'യുടെ നേതൃത്വത്തിൽ മക്കളുവളർത്തി കൈതച്ചക്കയും, ഒപ്പം വിവിധ കാർഷിക വിഭവങ്ങളായ ചീര, വരിക്കച്ചക്ക, കരിങ്കദളിപ്പഴം, ഈറ്റ വടികൾ എന്നിവയുമായി കൃഷി മന്ത്രിയുടെ പുതിയ ഔദ്യോഗിക വസതിയായ ലിന്തേർസ്റ്റിൽ ആദ്യദിനം തന്നെ വിരുന്നുകാരായെത്തിയത്.

പരപ്പിയുടെ മകൻ ശ്രീ. ഗംഗാധരൻ കാണി, മരുമകൾ ശ്രീമതി. അൻപുമോൾ, അൻപുമോളുടെ മാതാവ് ശ്രീമതി. മാത്തി, ചെറുമക്കളായ ശ്രീ. മഹർഷ്. ജി. എ കാണി, ശ്രീ. അഗസ്ത്യൻ. ജി.എ കാണി, ശ്രീ. മയൂഖ്. ജി. എ. കാണി എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. പരുത്തിപ്പള്ളി റേഞ്ചിലെ ആർ ആർറ്റി സെക്ഷൻ ഫോറസ്റ്റ് ഓഫീസറാണ് ശ്രീ. ഗംഗാധരൻ കാണി.






ചീഫ് എഡിറ്റർ - സൂരജ് എസ്.
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - ശ്രീകല എസ്.
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

ക്ലന്താണി പൈനാപ്പിളിന്റെ സവിശേഷതകൾ പരപ്പി കൃഷിമന്ത്രിക്ക വിശദീകരിച്ചു. 30 വർഷമായി തങ്ങൾ കൃഷി ചെയ്യുന്ന ഇനമാണ് ക്ലന്താണി പൈനാപ്പിൾ. പുറംതൊലിയിൽ അധികം മുള്ളുകളില്ല. നല്ല കൂർത്ത് മുകളിലേക്ക് പോകുന്ന പ്രധാന ചക്കയാണ് ഇതിന്റെ ആകർഷകം. സാധാരണയായി കൃഷി ചെയ്യുന്ന ഇനത്തിനെ അപേക്ഷിച്ച് വ്യത്യസ്തമായ സ്വാദാണിതിനുള്ളത്. കോളനി പ്രദേശത്തെ മക്കളുവളർത്തി ചക്ക ഉൾപ്പെടെ മറ്റു തനത് കാർഷിക വിളകളെക്കുറിച്ച് വിശദമായ പഠനം നടത്തുവാൻ കാർഷിക സർവ്വകലാശാലയിലെ ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുമെന്ന് കൃഷി മന്ത്രി പറഞ്ഞു. കൈതച്ചക്ക കൂടാതെ വിശേഷ ഇനത്തിൽപ്പെട്ട ഒത്തിരി ഭക്ഷ്യവിഭവങ്ങൾ അവർ കൃഷി ചെയ്യുന്നുമുണ്ട്. കാട്ടുകാച്ചിൽ, വിവിധ ഇനം മരച്ചീനി, മധുരക്കിഴങ്ങ്, കോട്ടാൻ കത്തിരി, മുള്ളൻ പുറ്റുത്തിയടക്കം വിവിധ വിഭവങ്ങൾ. ഈ വിഭവങ്ങളുടെ പൈതൃകാവകാശം പ്രസ്തുത ഗോത്രവർഗ്ഗത്തിനു തന്നെ സ്വന്തമാക്കി നൽകുന്ന കാര്യത്തിലും നടപടികൾ ഉണ്ടാകുമെന്ന് മന്ത്രി ഉറപ്പ് നൽകി.

# മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടർമാർക്ക് മറൈൻ മെഗാഫോണ (Marine Megafauna) സ്ട്രാൻഡിംഗ് റസ്പോൺസ് എന്ന വിഷയവുമായി ബന്ധപ്പെട്ടുള്ള ട്രെയ്നിംഗ് വർക്ക്ഷോപ്പ്

മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടർമാർക്ക് മറൈൻ മെഗാഫോണ സ്ട്രാൻഡിംഗ് റസ്പോൺസ് എന്ന വിഷയവുമായി ബന്ധപ്പെട്ടുള്ള ട്രെയ്നിംഗ് വർക്ക്ഷോപ്പ് തിരുവനന്തപുരം ഡിഎഫ്ഇഐസി സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സിൽ ജൂൺ 7-ന് രാവിലെ 10 ന് നടന്നു. കടലിലെ ഭീമൻമാരായ, തിമിംഗലം, തിമിംഗല സ്രാവുകൾ, ഡോൾഫിൻ എന്നിവയെല്ലാം അടുത്തകാലങ്ങളിലായി കരയിലടിയുന്ന സംഭവങ്ങൾ സർവ്വസാധാരണമായി കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ കരയിലടിയുന്ന ജീവികളെ സുരക്ഷിതമായി തിരിച്ച് കടലിലേക്ക് അയയ്ക്കുന്നതിനും, രോഗനിർണ്ണയം നടത്തി അവയെ പരിപാലിച്ച് തിരിച്ചയക്കുന്നതിനും വേണ്ട പരിശീലനം നൽകുന്നതിന്റെ തുടക്കമായിട്ടാണ് ഇത്തരത്തിലൊരു പരിപാടി wti യുടെ സഹകരണത്തോടെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ചത്. കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡോ. സഞ്ജയൻ കുമാർ ഐഎഫ്എസ്, അധ്യക്ഷനായ ചടങ്ങിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എഫ്, ബി,എ) ശ്രീ. പ്രമോദ് ജി കൃഷ്ണൻ ഐഎഫ്എസ് ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ, ഡിസ്ട്രിക്ട് അനിമൽ ഹസ്ബൻഡറി ഓഫീസർ ഡോ ബീനാബീവി ടിഎം മുഖ്യാതിഥിയായിരുന്നു. തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ്






ഓഫീസർ ശ്രീ. കെ.ഐ.പ്രദീപ്കുമാർ ഐഎഫ്എസ്, ഡോ. എൻവികെ അഷറഫ് (വൈൽഡ്ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡന്റ് ആൻഡ് ചീഫ് വെറ്ററിനറി ഓഫീസർ), wti മറീൻ സയന്റിസ്റ്റ് സാജൻ ജോൺ, സോഷ്യൽ ഫോറസ്ട്രി എസിഎഫ് ശ്രീ. ബി. സന്തോഷ് കുമാർ, പാലോട് റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. ടി അജികുമാർ എന്നിവർ പരിപാടിയിൽ സംസാരിക്കുകയുണ്ടായി. ചടങ്ങിൽ ഈ മേഖലയിൽ പ്രാവീണ്യം നേടിയ ഡോ. നേഹ ഷാ മറൈൻ മാമൽസ് നെക്രോപ്സി, സമുദ്ര സസ്തനി രോഗം, രക്ഷാപ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസുകൾ എടുത്തു.

# ‘ഓണത്തിനൊരു മുറം പച്ചക്കറി’

## മന്ത്രിമാർ ചേർന്ന് സെക്രട്ടറിയേറ്റ് വളപ്പിൽ പച്ചക്കറി കൃഷിക്ക് തുടക്കം കുറിച്ചു

സംസ്ഥാന കൃഷി വകുപ്പിന്റെ ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതിയുടെ ഈ വർഷത്തെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി ശ്രീ. പി.പ്രസാദിന്റെ അധ്യക്ഷതയിൽ, മന്ത്രിമാർ പച്ചക്കറി തൈകൾ നട്ടുകൊണ്ട് നിർവ്വഹിച്ചു. സെക്രട്ടറിയേറ്റ് അങ്കണത്തിലെ പച്ചക്കറിത്തോട്ടത്തിലാണ് പദ്ധതിയുടെ ഉദ്ഘാടനം നടന്നത്. ചടങ്ങിൽ മന്ത്രിമാരായ ശ്രീ. ആന്റണി രാജു, ശ്രീ. എ.കെ. ശശീന്ദ്രൻ, ശ്രീമതി. ആർ. ബിന്ദു, ശ്രീമതി. ജെ. ചിഞ്ചു റാണി, ശ്രീ. റോഷി അഗസ്റ്റിൻ, ശ്രീ. കെ. കൃഷ്ണൻ കുട്ടി, ശ്രീ. സജി ചെറിയാൻ, ശ്രീ. വി. എൻ. വാസവൻ, ശ്രീ. ഗോവിന്ദൻ മാസ്റ്റർ, ശ്രീ. കെ.എൻ. ബാലഗോപാൽ, ശ്രീ. പി.രാജീവ്, ശ്രീ. അഹമ്മദ് ദേവർകോവിൽ എന്നിവരും കൃഷി ഡയറക്ടർ ശ്രീ. ടി.വി. സുബാഷ് ഐ.എ.എസ്, ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ശ്രീമതി. ആരതി എൽ.ആർ ഐ.ഇ.എസ് എന്നിവരും പങ്കെടുത്തു.

70 ലക്ഷം കുടുംബങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള കൃഷിവകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായുള്ള ഒരു ജനകീയ കാമ്പയിനാണ് ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതി. ഞങ്ങളും കൃഷിയിലേക്ക് എന്ന മുഖ്യ പദ്ധതിയുടെ ഭാഗമായാണ് പ്രസ്തുത കാമ്പയിൻ ഈ വർഷം ആവിഷ്കരിച്ചിരിക്കുന്നത്. സംസ്ഥാന കൃഷിവകുപ്പ് 50 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും ഒന്നരക്കോടി പച്ചക്കറി തൈകളുമാണ് പദ്ധതിയുടെ ഭാഗമായി ഈ മാസം വിതരണം ചെയ്യുന്നത്. ഓണ സീസൺ മുന്നിൽ കണ്ടുകൊണ്ട് എല്ലാ കുടുംബങ്ങളിലും സുരക്ഷിത ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് കൂടിയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

പദ്ധതി പ്രകാരം കർഷകർക്കും, വിദ്യാർഥികൾക്കും, വനിത ഗ്രൂപ്പുകൾക്കും, സന്നദ്ധസംഘടനകൾക്കും കൃഷിഭവൻ മുഖാന്തരം സൗജന്യമായി പച്ചക്കറി വിത്തുകളും തൈകളും ഉടനെ തന്നെ ലഭ്യമാക്കും. കഴിഞ്ഞ ആറ് വർഷമായി സംസ്ഥാനത്ത് പച്ചക്കറി കൃഷിയിലുണ്ടായ മുന്നേറ്റം തുടരുക എന്നതുതന്നെയാണ് പദ്ധതി ലക്ഷ്യം. കഴിഞ്ഞ വർഷം ഓണത്തിന് മാത്രം 2.32 ലക്ഷം മെട്രിക് ടണ്ണിന്റെ ഗാർഹിക പച്ചക്കറി ഉത്പാദനം ഈ പദ്ധതിയുടെ ഭാഗമായി കൈവരിക്കുവാൻ കഴിഞ്ഞിരുന്നു. ഇത് വർധിപ്പിക്കുകയും എല്ലാ സീസണിലും സ്വന്തമായി കൃഷി ഇറക്കുന്നതിന് കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുകയും വീട്ടുവളപ്പിലെ കൃഷി വ്യാപകമാക്കുകയും ചെയ്യുക എന്നതായിരിക്കും പദ്ധതി ലക്ഷ്യമിടുന്നത്. കൃഷിവകുപ്പിന് കീഴിലുള്ള ഫാമുകൾ, വിഎഫ്.പി.സി.കെ., കേരള കാർഷിക സർവകലാശാല, അഗ്രോ സർവീസ് സെന്ററുകൾ എന്നിവ മുഖാന്തിരമാണ് വിത്തുകളും തൈകളും വിതരണത്തിനായി തയ്യാറായിട്ടുള്ളത്.

ചീര, വെണ്ട, പയർ, പാവൽ, വഴുതന തുടങ്ങിയ 5 ഇനം വിത്തുകൾ അടങ്ങിയ പത്ത് രൂപ വില മതിക്കുന്ന വിത്ത് പാക്കറ്റുകളായിരിക്കും കർഷകർക്കായി കൃഷിഭവൻ മുഖാന്തരം വിതരണം ചെയ്യുക.



# ഹോർട്ടികോർപ്പിന്റെ പുതിയ ആയിരം ഔട്ട്‌ലെറ്റുകൾ പ്രവർത്തനമാരംഭിക്കും

നാടൻ ഭക്ഷ്യ ഉത്പന്നങ്ങളുടെ വിതരണത്തിനും വിൽപ്പനയ്ക്കുമായി പുതിയ ആയിരം ഹോർട്ടി സ്റ്റോറുകളുമായി ഹോർട്ടികോർപ്പ് സംസ്ഥാനത്തു പ്രവർത്തനമാരംഭിക്കും. നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ വിപുലമായ ഹോർട്ടി ബസാർ ആരംഭിക്കുവാനും തീരുമാനം.

സെക്രട്ടറിയേറ്റ് അനക്സ് 2 ശ്രുതി ഹാളിൽ ചേർന്ന ഔട്ട്‌ലുക്ക് - ഹോർട്ടികോർപ്പ് എന്ന പരിപാടി ഈ പ്രവർത്തനങ്ങൾക്ക് രൂപം നൽകി. ഹോർട്ടികോർപ്പ് ചെയർമാൻ അഡ്വ.എസ് വേണുഗോപാലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. കാർഷികരംഗത്ത് നടപ്പിലാക്കുന്ന ഞങ്ങളും കൃഷിയിലേക്ക് എന്ന പരിപാടിയിലൂടെ ഉൽപാദനം വർധിപ്പിക്കുമ്പോൾ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് വില്പന നടത്തി കർഷകരെ സഹായിക്കുവാൻ ഹോർട്ടികോർപ്പ് സജ്ജമാകണമെന്ന് മന്ത്രി സൂചിപ്പിച്ചു. ഹോർട്ടി ബസാർ, ഹോർട്ടി സ്റ്റോറുകൾ എന്നിവയ്ക്കുപുറമേ ഗുണനിലവാരമുള്ള ഫലവൃക്ഷതൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിൽ അഗ്രി ഫാമുകൾ ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ആരംഭിക്കുവാനും തേൻ വിൽപ്പനയ്ക്കായി ഹണി ബങ്കുകൾ സ്ഥാപിക്കുവാനും തീരുമാനിച്ചു. കാർഷിക സമൃദ്ധി - ആരോഗ്യ ഭക്ഷണം എന്ന സന്ദേശം ഉൾക്കൊള്ളുന്ന ഹോർട്ടികോർപ്പിന്റെ പുതിയ ലോഗോ ചടങ്ങിൽ വച്ച് മന്ത്രി പ്രകാശനം ചെയ്തു. കൃഷിവകുപ്പ് സെക്രട്ടറി ശ്രീ. അലി അസ്ഗർ പാഷ ഐഎഎസ്, ഹോർട്ടി കോർപ്പ് എം.ഡി. ശ്രീ. ജെ. സജീവ് എന്നിവരും ഹോർട്ടികോർപ്പ് ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.




# 'ജീവനക്കാരും കൃഷിയിലേക്ക്' കൃഷിഭൂമി അനുവദിച്ച് രാജകുടുംബം

സംസ്ഥാന സർക്കാരിന്റെ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷിമന്ത്രിയുടെ ഓഫീസിലെ ജീവനക്കാരും സെക്രട്ടറിയേറ്റ് ജീവനക്കാരും ചേർന്ന് ആരംഭിച്ച പച്ചക്കറികൃഷിക്ക് കവടിയാർ കൊട്ടാരത്തിന്റെയും പൂർണപിന്തുണ. ഒരേക്കർ ഭൂമിയിൽ കൃഷി ചെയ്യുന്നതിന വേണ്ടി അനുവാദം നൽകിയിരിക്കുകയാണ് രാജകുടുംബം. പച്ചക്കറി കൃഷിക്കായി ഒരുക്കിയിട്ട നിലത്തിൽ രാജകുടുംബാംഗങ്ങളുടെ സാന്നിധ്യത്തിൽ കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് തൈ നടീൽ ഉദ്ഘാടനം ചെയ്തു.



ശ്രീമതി. അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ഭായി തമ്പുരാട്ടി, മകൻ ശ്രീ. ആദിത്യവർമ്മ, മരുമകൾ ശ്രീമതി. രശ്മി വർമ്മ എന്നിവരും സെക്രട്ടറി ശ്രീ. ബാബു നാരായണനും ചടങ്ങിൽ സംബന്ധിച്ചു. തക്കാളി, വഴുതന, മുളക് എന്നീ പച്ചക്കറി തൈകൾ ആണ് ആദ്യഘട്ടത്തിൽ ജീവനക്കാർ നട്ടത്. ഡ്രിപ്പ് ഇറിഗേഷൻ സംവിധാനം കൃഷിക്കായി ഒരുക്കിയിട്ടുണ്ട്.

കാർഷിക വികസനമാണ് ഏറ്റവും ആദ്യം വേണ്ടതെന്നും മറ്റെല്ലാ വികസനവും ആവശ്യമെങ്കിൽ മാത്രമേ വേണ്ടിയുള്ളൂ എന്നും ശ്രീമതി. ലക്ഷ്മി ഭായി തമ്പുരാട്ടി അഭിപ്രായപ്പെട്ടു. കൃഷിയെ നശിപ്പിക്കുന്ന കാട്ടുപന്നി ഉൾപ്പെടെയുള്ള മൃഗങ്ങളെ അവയെ കൊല്ലാതെ മറ്റു മാർഗ്ഗങ്ങളിലൂടെ നിയന്ത്രണ വിധേയമാക്കണമെന്നും തമ്പുരാട്ടി മന്ത്രിയോട് ആവശ്യപ്പെട്ടു.

ചടങ്ങിൽ കൃഷിവകുപ്പ് സെക്രട്ടറി ശ്രീ. അലി അസ്ഗർ പാഷ ഐ എ എസ്, അഡീ.സെക്രട്ടറി ശ്രീ. സാബിർ ഹുസൈൻ, കൃഷി അഡീഷണൽ ഡയറക്ടർമാരായ ശ്രീ. സുനിൽകുമാർ, ശ്രീമതി. രാജേശ്വരി, മറ്റു ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# ‘ഗ്രാമം ദത്തെടുക്കൽ’ പദ്ധതി

വയനാട് ജില്ലയിലെ ഗ്രാമീണജനതയുടെ വരുമാനം വർദ്ധിപ്പിക്കാനായി തൃശ്ശൂർ കാർഷിക സർവകലാശാല, മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിലൂടെ നേരിട്ട് നടത്തുന്ന പദ്ധതിയാണ് 'ഗ്രാമം ദത്തെടുക്കൽ'. ഇതിന്റെ ഔദ്യോഗിക ഉദ്ഘാടനം അമ്പലവയൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ഷമീറിന്റെ സാന്നിധ്യത്തിൽ പ്രസിഡന്റ് ശ്രീ. ഹഫ്സത് കോഴികുഞ്ഞുങ്ങളെ നൽകി നിർവ്വഹിച്ചു. ഡോ.ചിഞ്ചു വി. എസ്. പദ്ധതിവിശദീകരണം നടത്തി. ശ്രീമതി. ശ്രീജ ബാബു, ശ്രീമതി. ജെസ്സി ജോർജ്, ഡോ. ദീപാ സുരേന്ദ്രൻ, ഡോ. ശ്രീറാം, ശ്രീമതി. സുകന്യ ഐസക്, ശ്രീമതി. നിഷ രഘു, ശ്രീമതി. ജംഷീറ തുടങ്ങിയവർ സംസാരിച്ചു.



പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യ ഘട്ടമായി അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ 5, 6 വാർഡുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഈ വാർഡുകളിലെ തെരഞ്ഞെടുത്ത കുടുംബങ്ങൾക്ക് കൃഷി-മൃഗസംരക്ഷണ-അനുബന്ധ മേഖലകളിലായി അവരുടെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഏതെങ്കിലും ഒരു സംരംഭം ആരംഭിക്കാനുള്ള പ്രാരംഭ സഹായമാണ് കാർഷിക സർവകലാശാല നേരിട്ട് നൽകുന്നത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിലാണ് 2 വാർഡുകളിലായി വാക്സിനേഷൻ പൂർത്തിയായ 1,200 ഗ്രാമശ്രീ പിട കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത്. ഈ സംരംഭങ്ങൾ വിപുലപ്പെടുത്താനും, ചുറ്റുവട്ടത്തുള്ള മറ്റുള്ളവരിൽ എത്തിക്കാനുമുള്ള ശ്രമങ്ങൾ ഗുണഭോക്താക്കളും, പഞ്ചായത്തും, കുടുംബശ്രീ മിഷനും ചേർന്ന് നടത്തേണ്ടതാണ്. സാങ്കേതിക സഹായങ്ങൾ കാർഷിക സർവകലാശാല നൽകുന്നതായിരിക്കും.ഈ പദ്ധതിയുടെ വരും ഘട്ടങ്ങളിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതായിരിക്കും.

# നഗര വനവൽക്കരണത്തിന് ഊന്നൽ നൽകി കെഎയു പരിസ്ഥിതി ദിനം ആഘോഷിച്ചു

പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി കേരള കാർഷിക സർവകലാശാല വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (സിടിഐ), വിമല, സെന്റ് മേരീസ്, ശ്രീ കേരളവർമ കോളേജുകളിലെ ഭൂമിത്രസേന ക്ലബ്ബ് അംഗങ്ങൾക്കായി നഗര വനവത്കരണത്തെക്കുറിച്ച് "നഗരവനങ്ങൾ സൃഷ്ടിക്കാം" എന്ന പേരിൽ സെമിനാർ സംഘടിപ്പിച്ചു. മിയാവാക്കി വനം, കേരളത്തിന്റെ പച്ചത്തുരുത്ത് സംരംഭങ്ങൾ, മാതൃകാഫലവനം, കാവ് സംരക്ഷണം തുടങ്ങിയ നഗര വനവൽക്കരണ ആശയങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പരിപാടി അവബോധം സൃഷ്ടിച്ചു. വിദ്യാർത്ഥികൾക്കായി ഓൺലൈൻ പരിസ്ഥിതി ദിന ക്വിസ് മത്സരം, ഭൂമിത്രസേന അംഗങ്ങൾക്കായി മാതൃകാ ഫലവന സന്ദർശനം എന്നിവ സിടിഐ സംഘടിപ്പിച്ചു.

# ഹരിത ഭാവിക്കും, ജീവിത സുരക്ഷയ്ക്കുമായി നെടുമങ്ങാട് ഒന്നിക്കുന്നു

ഈ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മുൻനിർത്തി നെടുമങ്ങാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിലുള്ള ഉദ്യോഗസ്ഥരും ബ്ലോക്ക് പഞ്ചായത്തും അഗ്നി സുരക്ഷാ ഉദ്യോഗസ്ഥരും ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ വൃക്ഷത്തൈ നട്ട് നാടിന് മാതൃകയായി. പരിസ്ഥിതി ബോധവൽക്കരണത്തോടൊപ്പം അഗ്നി സുരക്ഷാ ഉദ്യോഗസ്ഥരുടെ അവബോധ ക്ലാസും സംഘടിപ്പിച്ചു. നെടുമങ്ങാട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഡോ. ജോമി ജേക്കബ് അധ്യക്ഷയായ ചടങ്ങ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. അമ്പിളി ഉദ്ഘാടനം ചെയ്തു.



സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വൃക്ഷ സമൃദ്ധി പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പ്രസിഡന്റ് ശ്രീമതി. അമ്പിളിയും അഗ്നി സുരക്ഷാ ഉദ്യോഗസ്ഥനായ ശ്രീ. ശിവരാജനും വൃക്ഷത്തൈകൾ നട്ടു. തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ അഗ്നി സുരക്ഷാ ഉദ്യോഗസ്ഥർ നയിച്ച ബോധവൽക്കരണ പരിപാടിയിൽ സുരക്ഷാ ഉദ്യോഗസ്ഥരായ ശ്രീ. വിപിനും ശ്രീ. അനിൽകുമാറും വിശദമായി അവബോധ ക്ലാസ് എടുത്തു. ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥരും നെടുമങ്ങാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ വരുന്ന 8 കൃഷിഭവനുകളിലെ ഉദ്യോഗസ്ഥരും കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ ഉദ്യോഗസ്ഥരും ക്ലാസിൽ പങ്കെടുത്തു.

# കൃഷിഭവൻ മുറ്റത്ത് കൃഷി ചെയ്ത പച്ചക്കറികൾ ഗവ: യുപി സ്കൂളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി നൽകി

ഭക്ഷ്യ സ്വയംപര്യാപ്തതയും സുരക്ഷിത ഭക്ഷണവും ലക്ഷ്യമിട്ട് സംസ്ഥാനസർക്കാർ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'ഞങ്ങളും കൃഷിയിലേക്ക് ' പദ്ധതി ഏറ്റെടുത്ത് കൃഷി ഉദ്യോഗസ്ഥർ കൃഷി ഭവൻ അങ്കണത്തിൽ നടപ്പിലാക്കിയ പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് കുടപ്പനകുന്ന് ഗവണ്മെന്റ് UP സ്കൂളിലെ കുട്ടികൾക്ക് ഉച്ചഭഷണത്തിനായി നൽകിക്കൊണ്ട് കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ബൈജു സൈമൺ വിളവെടുപ്പ് ഉൽഘാടനം ചെയ്തു. പാതിരപ്പള്ളി വാർഡ് കൗൺസിലർ ശ്രീമതി. കസ്തൂരി എം എസിന്റെ അധ്യക്ഷതയിൽ കൃഷി അസിസ്റ്റന്റ് ശ്രീ. ഷിനു വി എസ് യോഗത്തിന് സ്വാഗതം ആശംസിക്കുകയും കൃഷിഓഫീസർ ശ്രീമതി സ്നേഹമോൾ സേവ്യർ പദ്ധതി വിശദീകരിക്കുകയും ചെയ്തു. യോഗത്തിൽ കുടപ്പനകുന്ന് വാർഡ് കൗൺസിലർ ശ്രീ. ജയചന്ദ്രൻ, കിണവൂർ വാർഡ് കൗൺസിലർ ശ്രീമതി. സുരകുമാരി, കുടപ്പനകുന്ന് ഗവ: യു. പി സ്കൂൾ അധ്യാപകർ, കാർഷിക വികസന സമിതി അംഗങ്ങൾ, കർമ്മ സേന അംഗങ്ങൾ തുടങ്ങിയവർ ആശംസകൾ അറിയിച്ചു. ഭഷണവും കൃഷിയും എന്ന ആശയം കുട്ടികളിൽ എത്തിക്കുന്നതിന്റെ ഭാഗമായി കുട്ടികൾക്ക് വീടുകളിൽ പോഷകത്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ വിത്ത് പാക്കറ്റും വിതരണം ചെയ്തു.



# പാരിസ്ഥിതിക മൂല്യങ്ങൾ വീണ്ടെടുക്കുന്നതിനുള്ള അവസരമാണ് പരിസ്ഥിതിദിനാഘോഷം:

## മെഗാസ്റ്റാർ ശ്രീ. മമ്മൂട്ടി



ചോറ്റാനിക്കരയിൽ പരിസ്ഥിതി ദിനം ആവേശത്തിമിർപ്പിന്റെ ദിനമായിരുന്നു. പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി കൃഷി വകുപ്പ് സംഘടിപ്പിച്ച ഒരുതൈനടാം പദ്ധതിയുടെ ഉദ്ഘാടനത്തിനായി ചോറ്റാനിക്കര തലക്കോട് എത്തിച്ചേർന്ന മെഗാസ്റ്റാർ ശ്രീ. മമ്മൂട്ടി നാട്ടുകാർക്ക് ആവേശവും ഒപ്പം നർമ്മ രസങ്ങളും പകരുന്ന നിമിഷങ്ങളായിരുന്നു സമ്മാനിച്ചത്. ഫലവൃക്ഷങ്ങൾ നടുന്നതിന് വേണ്ടി കർഷകൻ ശ്രീ. വർഗീസ് മഞ്ഞിലാസിന്റെ കൃഷിയിടത്തിൽ പ്രത്യേകം തയ്യാറാക്കിയ തോട്ടത്തിൽ മൂവാണ്ടൻ മാവിന്റെ ഗ്രാഫ്റ്റ് തൈ നട്ടു കൊണ്ടാണ് മെഗാസ്റ്റാർ ഒരുകോടി ഫലവൃക്ഷതൈകളുടെ വിതരണം – " ഒരുതൈനടാം" പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൃഷി ശ്രീ. മന്ത്രി പി. പ്രസാദിന്റെ സാന്നിധ്യത്തിൽ നിർവ്വഹിച്ചത്. എം എൽ എ ശ്രീ. അനൂപ് ജേക്കബ് തേൻവരിക്കയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഉല്ലാസ് തോമസ് എൻ -18 റംബൂട്ടാൻ തൈയും നട്ടു. മമ്മൂട്ടിക്കൊപ്പം സിനിമാ താരം ശ്രീ. രമേശ് പിഷാരടിയും ചടങ്ങിൽ പങ്കെടുത്തു.

സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി നടത്തിവരുന്ന ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണം എന്നത് പുതുമയാർന്ന സംഭവമാണെന്നും ഇത് നമ്മുടെ നഷ്ടപ്പെട്ട സാംസ്കാരിക മൂല്യങ്ങൾ വീണ്ടെടുക്കുന്നതിനുള്ള അവസരമാണെന്നും മെഗാസ്റ്റാർ ശ്രീ. മമ്മൂട്ടി അഭിപ്രായപ്പെട്ടു. നമ്മൾ വയ്ക്കാത്ത മരത്തിന്റെ തണലാണ് നമ്മൾ ഇന്ന് അനുഭവിക്കുന്നത്. അതുപോലെ വരുംതലമുറയ്ക്കായി നമ്മൾ മരങ്ങൾ വച്ചു പിടിപ്പിക്കുകയും സംരക്ഷിക്കുകയും വേണം. കൃഷി എന്നത് മാനസികവും ശാരീരികവുമായ ആനന്ദം ലഭ്യമാക്കുന്ന പ്രക്രിയയാണ്. പുതു തലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്ന ധാരാളം പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നത്. ആദ്യ സംസ്കാരമായ കൃഷിയെ സംരക്ഷിക്കേണ്ടത് ഈ തലമുറയുടെ കർത്തവ്യമാണെന്നും മെഗാസ്റ്റാർ ഓർമിപ്പിച്ചു.

പദ്ധതിയുടെ ഭാഗമായുള്ള സമ്മേളനം എം എൽ എ ശ്രീ. അനൂപ് ജേക്കബിന്റെ അധ്യക്ഷതയിൽ കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. നാം കഴിക്കുന്ന ഭക്ഷണം സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി സർക്കാർ നടത്തുന്നത് ഗൗരവകരമായ ഇടപെടലുകളാണെന്നും ഞങ്ങളും കൃഷിയിലേക്ക് എന്ന ജനകീയ പദ്ധതി ഇതിന് ഉത്തമ ഉദാഹരണമാണെന്നും മന്ത്രി പറഞ്ഞു. കൃഷിചെയ്യുന്നതിന് മണ്ണുണ്ടായാൽ മാത്രം പോരാ മനസ്സു കൂടി വേണം .മനസ്സിൽ തൈ നട്ടാൽ മണ്ണിലത് യാഥാർഥ്യമാകും. വാത്സല്യത്തിലെ രാഘവൻ നായരെ പോലെ പച്ചയായ കാർഷിക പാരമ്പര്യം വിളിച്ചോതുന്ന ഒട്ടനവധി കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടുള്ള മമ്മൂട്ടിയുടെ സാന്നിധ്യം ചടങ്ങിനെ ധന്യമാക്കിയതായും മന്ത്രി അഭിപ്രായപ്പെട്ടു.

ചടങ്ങിൽ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഉല്ലാസ് തോമസ്, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രാജു പി നായർ, ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം ആർ രാജേഷ്, കൃഷി ഡയറക്ടർ ശ്രീ. ടി.വി. സുബാഷ് ഐ.എ. എസ് എന്നിവർ ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു. പ്രദേശത്തെ മുതിർന്ന കർഷകനായ മഞ്ചക്കാട്ടിൽ ശ്രീ. ശശി എം ആറിനെ മന്ത്രി ചടങ്ങിൽ വച്ച് ആദരിച്ചു.

ഫലവർഗവിളകളുടെ വിസ്തൃതി വ്യാപനത്തിനായി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഡെവലപ്മെൻറ് ഓഫ് ഫ്രൂട്സ്, ഫ്ളവേഴ്സ് ആൻഡ് മെഡിസിനൽ പ്ലാൻസ് പദ്ധതിയുടെ ഒരു പ്രധാനഘടകമാണ് ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണം.സംസ്ഥാനത്തിൻറെ തനത് ഫലവൃക്ഷങ്ങളും വിദേശത്തുനിന്ന് കൊണ്ടുവന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗങ്ങളുമായ പ്ലാവ്, മാവ്, മാതളം, ഓറഞ്ച്, പേരക്ക, നാരക ഇനങ്ങൾ, മുരിങ്ങ, കറിവേപ്പ്, കൊടംപുളി, റംബൂട്ടാൻ മാംഗോസ്റ്റീൻ, പപ്പായ, വാഴയിനങ്ങൾ, ചതുരപ്പുളി, ഡ്രാഗൺ ഫ്രൂട്ട്, ലിച്ചി, പാൽപ്പഴം മിറക്കിൾ ഫ്രൂട്ട്, മുളളാത്ത, വെസ്റ്റ് ഇന്ത്യൻ ചെറി, വുഡ് ആപ്പിൾ, ഇരുമ്പൻ പുളി, സീതപ്പഴം

(അനോന), ബറാബ, കസ്റ്റഡ് ആപ്പിൾ (ആത്ത), നെല്ലി തുടങ്ങിയ വിവിധ ഇനം ഫലവൃക്ഷങ്ങളുടെ ഒരു കോടി തൈകൾ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും, പൊതുസ്ഥലങ്ങളിൽ വച്ച് പിടിപ്പിക്കുന്നതിനുമായി ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി ഈ വർഷം നടത്തുന്ന കാമ്പയിനാണ് " ഒരു തൈ നടാം" എന്നത് .

ആലുവ സംസ്ഥാന വിത്തുല്പാദന കേന്ദ്രം കൃഷി അസി.ഡയറക്ടർ ശ്രീമതി. ലിസ്സിമോൾ ജെ വടക്കൂട്ട് രചിച്ച് ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസദ്ധീകരിച്ച Healthy Rice എന്ന പുസ്തകത്തിന്റെ പ്രകാശനം കൃഷിമന്ത്രി ശ്രീ. മമ്മൂട്ടിക്ക് നൽകി നിർവ്വഹിച്ചു. കൃഷി ഡയറക്ടർ ശ്രീ. ടി.വി സുഭാഷ് ഐ എ എസ് ചടങ്ങിന് സ്വാഗതവും പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ഷീല പോൾ നന്ദിയും അറിയിച്ചു.



# സ്ക്രബ് ടൈഫസ് (ചെള്ള് പനി) ജാഗ്രത പാലിക്കണം: മൃഗസംരക്ഷണ വകുപ്പ്

ഓറിയൻഷ്യ സുസുഗമാഷി എന്ന ബാക്ടീരിയ മൂലമുണ്ടാകുന്ന പകർച്ചവ്യാധിയാണ് ചെള്ള് പനി. മൂഷിക വർഗ്ഗത്തിൽപ്പെട്ട കരണ്ട് തിന്നുന്ന എലി, പെരുച്ചാഴി, അണ്ണാൻ, മുയൽ തുടങ്ങിയ ജീവികളിലാണ് ഈ രോഗാണുക്കൾ കാണുന്നത്. ചെറുപ്രാണികളുടെ ചിഗാർ മൈറ്റ് എന്ന ലാർവ കടിച്ചാണ് മനുഷ്യരിലേക്ക് പകരുന്നത്. പനി, തലവേദന, കണ്ണ് ചുവക്കൽ, പേശിവേദന, ശരീരത്തിൽ മൈറ്റ് കടിച്ചുണ്ടാകുന്ന പാടുകൾ (എസ്കാർ) എന്നിവയാണ് മനുഷ്യരിലെ രോഗലക്ഷണങ്ങൾ.

വളർത്തുമൃഗങ്ങളെ രോഗാണുക്കൾ വഹിക്കുന്ന ചിഗാർമൈറ്റ് എന്ന ചെള്ള് കടിക്കാമെങ്കിലും ഇവരിൽ രോഗബാധ സാധാരണ ഉണ്ടാകുന്നില്ല. രോഗം പകരുന്നതിലും വളർത്തുമൃഗങ്ങൾ വലിയ പങ്ക് വഹിക്കുന്നില്ല.

എന്നാൽ എലികൾ ധാരാളമുള്ള പുൽമേടുകളിലും കാടുപിടിച്ച് കിടക്കുന്ന പ്രദേശങ്ങളിലും മൃഗങ്ങളെ മേയാനും മറ്റും വിടുമ്പോൾ ഈ ചെള്ളുകൾ മൃഗങ്ങളുടെ ശരീരത്തിൽ കയറിക്കൂടാനും അവരിൽ നിന്ന് മനുഷ്യരിലേക്ക് കയറാനും സാധ്യതയുള്ളതിനാൽ സൂക്ഷിക്കേണ്ടതുമുണ്ട്.

## രോഗനിയന്ത്രണം

എലി നശീകരണം, ചിഗാർ ചെള്ള് നിയന്ത്രിക്കാൻ അണുനാശിനികൾ ഉപയോഗിക്കുക, താമസസ്ഥലത്തിന് ചുറ്റും കാടും പുൽമേടും തെളിക്കുക എന്നിവ പ്രധാനമാണ്. രോഗബാധയുള്ള പ്രദേശങ്ങളിൽ മൃഗങ്ങളെ മേയാൻ വിടുന്നത് സൂക്ഷിക്കേണ്ടതാണ്. മൃഗങ്ങളിലും ചെള്ളു നിയന്ത്രണ മാർഗങ്ങൾ അവലംബിക്കുന്നത് ഉചിതമാണ്.വീട്ടിനുള്ളിൽ വളർത്തുന്ന നായകൾ, പൂച്ചകൾ തുടങ്ങിയ ഓമന മൃഗങ്ങളെ പുൽമേടുകളിലും മറ്റും കളിക്കാൻ വിടുന്നത് കഴിവതും ഒഴിവാക്കുക. ശരീരം ബ്രഷ് ചെയ്യുക, ആവശ്യമെങ്കിൽ ചെള്ളുനിയന്ത്രണ മരുന്നുകൾ ഉപയോഗിക്കുക എന്നിവ വഴി എലിയിൽ നിന്നും പരിസരത്തിൽ നിന്നും ചെള്ളുകൾ വളർത്തുമൃഗങ്ങൾ വഴി മനുഷ്യരിലേക്ക് കടക്കുന്നത് ഒഴിവാക്കാൻ സാധിക്കും. കന്നുകാലികളുടെ കൂടും പരിസരവും കീടനാശിനി ഉപയോഗിച്ച് ചെള്ള് നശീകരണം നടത്തുകയും എലികളും മറ്റും പ്രവേശിക്കുന്നത് തടയുന്നതിനുള്ള നടപടികൾ നടത്തുകയും വേണം. കാലിത്തീറ്റയും മറ്റും സൂക്ഷിക്കുന്ന സ്ഥലങ്ങളിൽ എലിശല്യം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ പ്രത്യേക ശ്രദ്ധ ആവശ്യമാണ്.

രോഗാണുബാധയുണ്ടായ പാറശ്ശാല, വർക്കല എന്നീ പ്രദേശങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെ വിദഗ്ധ സംഘം ആരോഗ്യവകുപ്പിനോടൊപ്പം സന്ദർശിക്കുകയും സ്ഥിതി നിലവാരം വിലയിരുത്തുകയും ബന്ധപ്പെട്ടവരെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്.

ഈ രോഗവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് നൽകുന്ന എല്ലാ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണെന്ന് മൃഗസംരക്ഷണ വകുപ്പ് അധികൃതർ അറിയിച്ചു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sunilkumar R., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh